**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6080** — **09-11-2021 - ൽ മറുപടിയ്ക്ക്**

**റൂം ഫോർ റിവർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റൂം ഫോർ റിവർ എന്ന പേരിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (എ) | 2018-ൽ ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലുണ്ടായ അതിതീവ്രമായ പ്രളയത്തിന്റെ മുഖ്യകാരണമായ എ സി കനാലിന്റെ നിർമ്മാണം പൂർത്തിയാകാത്തതും തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിങ് ചാനലിലും മറ്റും മണ്ണ് അടിഞ്ഞ് നീരൊഴുക്ക് കുറഞ്ഞതിനാലും പൊഴിമുഖം വേണ്ടത്ര വീതിയില്ലാത്തതിനാലുമാണെന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തികൾ റൂം ഫോർ റിവർ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി റീ ബിൽഡ് കേരള ഇൻഷിയേറ്റീവിൽ ഉൾപ്പെടുത്തി 4.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിന് വിശദമായ ഹൈഡ്രോ ഡൈനാമിക് പഠനം ആവശ്യമായതിനാൽ അതിലേക്കായി ചെന്നൈ ഐ.ഐ.റ്റി യെ ചുമതലപ്പെടുത്തുകയും അതിനെത്തുടർന്ന് 01.03.2021-ൽ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ചെന്നൈ ഐ.ഐ.റ്റി ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിക്കുകയും പ്രാരംഭ പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ ഇക്കാര്യത്തിൽ സത്വര തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ